# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.218/PR/PIC/PHQ/18 Date 26.08.2018

## അനധികൃത പിരിവിനെതിരെ കർശന നടപടി

പ്രളയക്കെടുതിയുടെ ഭാഗമായുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കെന്ന പേരിൽ അനധികൃത പണപ്പിരിവ് നടത്തുന്നതായി ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അത്തരം സംഭവങ്ങൾക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുമെന്നും സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ പറഞ്ഞു. നിർബന്ധിത പണപ്പിരിയും പാടില്ല. ഇത്തരത്തിലുള്ള പണപ്പിരിവുകൾ തങ്ങളുടെ പ്രദേശത്ത് നടക്കുന്നുണ്ടോ എന്നത് നിരീക്ഷണത്തിൽ വയ്ക്കാൻ അദ്ദേഹം എസ്. എച്ച്.ഒ മാർക്കും മറ്റു പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി. പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ ജനങ്ങൾ ഒന്നാകെ മുന്നോട്ട് വരുന്നുണ്ട്. അത്തരം സഹായങ്ങൾ അധികൃത സംവിധാനങ്ങൾ വഴിയാണെന്നു ജനങ്ങൾ ഉറപ്പുവരുത്തണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

**********************